**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 96** **08-12-2022 - ൽ മറുപടിയ്ക്ക്**

**ഖാദർ കമ്മിറ്റിയുടെ രണ്ടാമത് റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഡോ. എം.എ. ഖാദർ അധ്യക്ഷനായുള്ള കമ്മിറ്റിയുടെ രണ്ടാമത് റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | ഉണ്ട്. അക്കാദമിക കാര്യങ്ങളാണ് പ്രധാനമായും രണ്ടാം ഭാഗം റിപ്പോർട്ടിലുള്ളത്. ആയത് പരിശോധിച്ചു വരുന്നു. |
| (ബി) | ഖാദർ കമ്മിറ്റി റിപ്പോർട്ടിന്റെ ഒന്നാം ഭാഗത്തിലെ ശിപാർശകൾ പ്രകാരം സർക്കാർ നടപ്പാക്കിയ നിർദേശങ്ങൾ എന്തെല്ലാം; വ്യക്തമാക്കാമോ; | (ബി) | മികവിനായുള്ള സ്കൂൾ വിദ്യാഭ്യാസം എന്ന വിദഗ്ധസമിതിയുടെ ഭാഗം (1) -ൽ ചുവടെ ചേർക്കുന്ന കാര്യങ്ങളിലാണ് ശിപാർശകൾ ഉണ്ടായിട്ടുള്ളത്.<br>1. പ്രീ സ്കൂൾ<br>2. സ്കൂൾ പ്രവേശന പ്രായം<br>3. സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഘട്ടങ്ങൾ.<br>4. ഘടനയും ഭരണനിർവ്വഹണവും<br>5. കേരള എഡ്യൂക്കേഷണൽ സർവ്വീസ്<br>6. കായിക വിദ്യാഭ്യാസം<br>7. കലാ വിദ്യാഭ്യാസം<br>8. തൊഴിൽ വിദ്യാഭ്യാസം<br>9. റിസോഴ്സ് അധ്യാപകർ<br>10. ലൈബ്രേറിയൻ<br>11. നിയന്ത്രണവും, മോണിറ്ററിംഗും<br>12.വിദ്യാഭ്യാസവകുപ്പിലെ വിവിധ ഏജൻസികൾ<br>13. അധ്യാപക യോഗ്യത<br>14. അധ്യാപക പരിശീലനം |

| | | | |
|---|---|---|---|
| | | | ഈ റിപ്പോർട്ട് 28/02/2019-ലെ സ.ഉ (കൈ)നം 19/2019/പൊ.വി.വ പ്രകാരം സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി<br><br>ഡയറക്ടറേറ്റ് ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ, ഹയർസെക്കണ്ടറി ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർസെക്കണ്ടറി ഡയറക്ടറേറ്റ് എന്നിവ ഏകോപിപ്പിച്ച് ഡയറക്ടറേറ്റ് ഓഫ് ജനറൽ എഡ്യൂക്കേഷൻ (ഡി.ജി.ഇ.) എന്ന തസ്തിക 31/05/2019-ലെ സ.ഉ.(കൈ)നം 53/2019/ പൊ.വി.വ പ്രകാരം സൃഷ്ടിച്ചു.<br><br>മേൽ പറഞ്ഞ മൂന്ന് ഡയറക്ടറേറ്റുകളും ഡി.ജി.ഇ യുടെ നിയന്ത്രണപരിധിയിൽ കൊണ്ടു വന്നു.<br><br>12-ാം ക്ലാസ് വരെയുള്ള സ്കൂളുകളുടെ സ്ഥാപന മേധാവിയായി ഹയർസെക്കണ്ടറി പ്രിൻസിപ്പലിനെ നിയോഗിച്ചു.<br><br>പ്രസ്തുത സ്കൂളിലെ ഹൈസ്കൂൾ ഹെഡ്മാസ്റ്ററെ വൈസ് പ്രിൻസിപ്പാളായി നാമകരണം ചെയ്തു.<br><br>ഇതനുസരിച്ച് കെ.ഇ.എ.ആർ. ൽ നിയമ/ചട്ട ഭേദഗതിയും വരുത്തിയിട്ടുണ്ട്.<br><br>ഏകോപിത സെക്കണ്ടറി സ്കൂളിലെ സ്ഥാപന മേധാവിയായി മാറിയ ഹയർസെക്കണ്ടറി പ്രിൻസിപ്പാളിന്റെ തൊഴിൽ ഭാരം ലഘൂകരിക്കുന്നതിനായി അവരുടെ അധ്യായനം 8 പീരീഡ് ആയി നിജപ്പെടുത്തുകയും അധികം പിരീഡുകൾ കൈകാര്യം ചെയ്യുന്നതിന് ദിവസവേതനത്തിൽ അധ്യാപകരെ നിയോഗിക്കുന്നതിന് ഭരണാനുമതി നൽകുകയും ചെയ്തു.<br><br>ഏകോപനം പൂർണ്ണതയിൽ എത്തിക്കുന്നതിനുള്ള സ്പെഷ്യൽ റൂൾ അടക്കം വികസിപ്പിക്കുന്നതിന് നിർദ്ദേശം സമർപ്പിക്കാൻ ഏകീകരണത്തിനായി ഒരു കോർ കമ്മിറ്റിയെ സീ-മാറ്റ് -കേരളയുമായി അറ്റാച്ച് ചെയ്ത് രൂപീകരിച്ചു. |
| (സി) | ശിപാർശകൾ നടപ്പാക്കുന്നത് സംബന്ധിച്ച് സെക്രട്ടേറിയറ്റിൽ രൂപീകരിച്ച സെല്ലും സഹായിക്കാനായി രൂപീകരിച്ച കോർ കമ്മിറ്റിയും സർക്കാരിന് ശിപാർശകൾ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | ശിപാർശകൾ സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

4842
5/8/19

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ വകുപ്പ് - 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിനായി സംസ്ഥാന സർക്കാർ നിയോഗിച്ച വിദഗ്ധ സമിതി സമർപ്പിച്ച റിപ്പോർട്ട് 'മികവിനായുള്ള വിദ്യാഭ്യാസം - ഭാഗം I' തത്വത്തിൽ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

## പൊതുവിദ്യാഭ്യാസ (സി) വകുപ്പ്

**സ.ഉ.(കൈ)നം. 19/2019/പൊ.വി.വ.** തീയതി. തിരുവനന്തപുരം 28/02/2019

=====================================================================

പരാമർശം:- 1) 19.10.2017-ലെ സ.ഉ.(സാധാ) നം.3779/2017/പൊ.വി.വ.
2) 03.10.2018-ലെ സ.ഉ.(സാധാ) നം.3906/2018/പൊ.വി.വ.

## <u>ഉ ത്ത ര വ്</u>

2009-ലെ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച് ഘടനാപരവും അക്കാദമികവുമായ എല്ലാ വശങ്ങളും സമഗ്രമായി പരിശോധിച്ച് നിർദ്ദേശം സമർപ്പിക്കുന്നതിനായി പരാമർശം (1) പ്രകാരം പ്രൊഫ.ഡോ.എം.എ.ഖാദർ അദ്ധ്യക്ഷനായി ഒരു വിദഗ്ധ സമിതിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. വിദ്യാഭ്യാസ അവകാശ നിയമത്തിലെ ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കുമ്പോൾ വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളും ഉൾക്കൊണ്ട് മാത്രമേ സാധിക്കുകയുള്ളൂ എന്നതിനാൽ സമിതിയുടെ പരിഗണനാ വിഷയങ്ങൾ വിശദമായി നിശ്ചയിച്ച് പരാമർശം (2) പ്രകാരം ഉത്തരവും പുറപ്പെടുവിച്ചു.

2) പ്രസ്തുത കമ്മിറ്റി പന്ത്രണ്ടാം ക്ലാസ് വരെയുള്ള സ്കൂൾ വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളും പരിശോധിച്ച് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനുതകും വിധം ഘടനാപരമായ മാറ്റം സംബന്ധിച്ച് നിർദ്ദേശം സമർപ്പിക്കുന്നതിന്റെ ഭാഗമായി സമിതി റിപ്പോർട്ടിന്റെ - 'മികവിനായുള്ള വിദ്യാഭ്യാസം' ഒന്നാം ഭാഗം സർക്കാരിൽ സമർപ്പിച്ചിരുന്നു. വിദ്യാഭ്യാസ ഘടനയുടെ ഭാഗമായും വിദ്യാഭ്യാസ ഘട്ടങ്ങളെക്കുറിച്ചും അദ്ധ്യാപക യോഗ്യതയെക്കുറിച്ചും അദ്ധ്യാപക പരിശീലനങ്ങളെക്കുറിച്ചും വിദ്യാഭ്യാസ വകുപ്പിലെ വിവിധ സ്ഥാപനങ്ങളെക്കുറിച്ചുമുള്ള നിർദ്ദേശങ്ങൾ റിപ്പോർട്ടിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ പൂർണ്ണരൂപം ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.

3) സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച് നിയോഗിച്ചിട്ടുള്ള വിദഗ്ധ സമിതി സമർപ്പിച്ച അനുബന്ധമായി ചേർത്തിട്ടുള്ള 'മികവിനായുള്ള വിദ്യാഭ്യാസം-ഭാഗം I' എന്ന റിപ്പോർട്ടിന് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവാകുന്നു. ഇക്കാര്യത്തിൽ സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തുവാൻ പൊതുവിദ്യാഭ്യാസ വകുപ്പിനെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എ. ഷാജഹാൻ IAS**

സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഹയർ സെക്കൻഡറി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പൊതുഭരണ (എസ്.സി.) വകുപ്പ് (ഇനം നം.2896 തീയതി 27.02.2019)
ഡയറക്ടർ, SCERT, തിരുവനന്തപുരം
ഡയറക്ടർ, സീമാറ്റ് (കേരള) തിരുവനന്തപുരം
ഡയറക്ടർ, സമഗ്രശിക്ഷാ അഭിയാൻ, തിരുവനന്തപുരം
SIET (State Institute of Education and Technology), ജഗതി, തിരുവനന്തപുരം
ഡയറക്ടർ, കൈറ്റ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, പൊതുവിദ്യാഭ്യാസ സംരക്ഷണ മിഷൻ, തിരുവനന്തപുരം
ഡോ.എം.എ.ഖാദർ (ചെയർമാൻ, വിദഗ്ധ സമിതി)
ശ്രീ.ജ്യോതിചൂഢൻ (വിദഗ്ധ സമിതി അംഗം) } ഡി.പി.ഐ. മുഖേന
ഡോ.സി.രാമകൃഷ്ണൻ (വിദഗ്ധ സമിതി അംഗം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, ഐറ്റി @ സ്കൂൾ, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂമീഡിയ) വകുപ്പ്
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (സി3/34/2019/പൊ.വി.വ.)

ഉത്തരവിൻപ്രകാരം

**സെക്ഷൻ ഓഫീസർ**

പകർപ്പ്- പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പി.എസിന്
പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - 2009-ലെ Right of Children to Free and Compulsory Education Act (വിദ്യാഭ്യാസ അവകാശ നിയമം) സംസ്ഥാനത്ത് പൂർണ്ണമായി നടപ്പിലാക്കുന്നത് - വിദഗ്ധ സമിതി റിപ്പോർട്ട് - ശുപാർകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സ്വീകരിക്കേണ്ട നടപടികൾ അംഗീകരിച്ച - ഉത്തരവ് പുറപ്പെടുവിക്കുന്നു.

===================================================================

## പൊതുവിദ്യാഭ്യാസ (സി) വകുപ്പ്

സ.ഉ.(കൈ)നം. 53/2019/പൊ.വി.വ. തീയതി, തിരുവനന്തപുരം 31/05/2019

===================================================================

പരാമർശം:- 1) 03.10.2017-ലെ സ.ഉ.(സാധാ) നം.3779/2017/പൊ.വി.വ.

2) 03.10.2018-ലെ സ.ഉ.(സാധാ) നം.3906/2018/പൊ.വി.വ.

3) 28.02.2019-ലെ സ.ഉ.(കൈ) നം.19/2019/പൊ.വി.വ.

## ഉ ത്ത ര വ്

2009-ലെ Right of Children to Free and Compulsory Education Act (വിദ്യാഭ്യാസ അവകാശ നിയമം) സംസ്ഥാനത്ത് പൂർണ്ണമായി നടപ്പിലാക്കുന്നത് സംബന്ധിച്ച് ഘടനാപരവും അക്കാദമികവുമായ എല്ലാ വശങ്ങളും സമഗ്രമായി പരിശോധിച്ച് നിർദ്ദേശം സമർപ്പിക്കുന്നതിനായി പരാമർശം (1) പ്രകാരം പ്രൊഫ.ഡോ.എം.എ.ഖാദർ അദ്ധ്യക്ഷനായി ഒരു വിദഗ്ധ സമിതിയെ സർക്കാർ നിയോഗിച്ചിരുന്നു. തുടർന്ന് വിദ്യാഭ്യാസ അവകാശ നിയമത്തിലെ ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കുമ്പോൾ 12-ാം ക്ലാസുവരെയുള്ള വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളും ഉൾക്കൊണ്ട് മാത്രമേ സാധിക്കുകയുള്ളൂ എന്ന് കണ്ടതിനാൽ പരാമർശം (2) പ്രകാരം സമിതിയുടെ പരിഗണനാ വിഷയങ്ങൾ പുതുക്കി നിശ്ചയിച്ചും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പന്ത്രണ്ടാം ക്ലാസുവരെയുള്ള സ്കൂൾ വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളും പരിശോധിച്ച് ഘടനാപരമായ [illegible] സഹിതം പഠിച്ച് നിർദ്ദേശം സമർപ്പിക്കുന്നതിന്റെ ഭാഗമായി വിദഗ്ധ സമിതി റിപ്പോർട്ടിന്റെ ഒന്നാം ഭാഗം സർക്കാരിൽ സമർപ്പിക്കുകയും ടി റിപ്പോർട്ടിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകി പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) വിദഗ്ധ സമിതിയുടെ ശുപാർശകൾ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും ഇക്കാര്യം വിശദമായി ബന്ധപ്പെട്ട സംഘടനകളുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടം 2019-2020 അദ്ധ്യയന വർഷാരംഭത്തിൽ തന്നെ നടപ്പിലാക്കുന്നതിന്റെ ഭാഗമായി താഴെ പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു:-

എ) പന്ത്രണ്ടാം ക്ലാസുവരെയുള്ള സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിയന്ത്രണവും ഏകോപനവും നിലവിലുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, ഹയർസെക്കൻഡറി ഡയറക്ടറേറ്റ്

വൊക്കേഷണൽ ഹയർസെക്കൻഡറി ഡയറക്ടറേറ്റ് എന്നീ മൂന്ന് ഡയറക്ടറേറ്റുകളെ സംയോജിപ്പിച്ച് ഡയറക്ടറേറ്റ് ഓഫ് ജനറൽ എഡ്യൂക്കേഷൻ എന്ന പുതിയ പൊതുസംവിധാനം രൂപീകരിക്കുകയും ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷൻ (ഡി.ജി.ഇ.) എന്ന അധികാരസ്ഥാനം സ്ഥാപിച്ച് അതിൽ നിക്ഷിപ്തമാകുന്നതുമാണ്. ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷൻ (ഡി.ജി.ഇ.) എന്നത് ഐ.എ.എസ്. കേഡറിലുള്ള ഒരു കേഡർ തസ്തികയായിരിക്കും.

ബി) ബോർഡ് ഓഫ് പബ്ലിക് എക്സാമിനേഷൻ, ബോർഡ് ഓഫ് ഹയർ സെക്കന്ററി എക്സാമിനേഷൻ, ബോർഡ് ഓഫ് വൊക്കേഷണൽ ഹയർസെക്കണ്ടറി എക്സാമിനേഷൻ എന്നിവ നടത്തുന്ന പൊതു പരീക്ഷകൾ നടത്തുന്നതിനായി കമ്മീഷണർ ഫോർ ഗവൺമെന്റ് എക്സാമിനേഷനെ (പരീക്ഷാ കമ്മീഷണർ) ചുമതലപ്പെടുത്തിയും ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷനെ പരീക്ഷാ കമ്മീഷണറായി നിയമിച്ചുകൊണ്ടും ഉത്തരവാകുന്നു.

സി) നിലവിലുള്ള ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി എന്നീ സ്കൂൾതല സംവിധാനങ്ങൾ അതേപോലെ തുടരുന്നതാണ്. ഇവ ഡയറക്ടറേറ്റ് ഓഫ് ജനറൽ എഡ്യൂക്കേഷന്റെ അധികാര പരിധിയിൽ ആയിരിക്കും. നിലവിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഉപജില്ല വിദ്യാഭ്യാസ ഓഫീസുകൾ, ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ, വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസുകൾ എന്നിവയും ഹയർസെക്കണ്ടറി ഡയറക്ടറേറ്റിന്റെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളും വൊക്കേഷണൽ ഹയർസെക്കണ്ടറി ഡയറക്ടറേറ്റിന്റെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളും തൽസ്ഥിതിയിൽ ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷന്റെ നിയന്ത്രണത്തിലായിരിക്കും പ്രവർത്തിക്കുന്നത്.

ഡി) സംയോജിത സംവിധാനത്തിലേക്ക് മാറ്റപ്പെടുന്ന 1 മുതൽ 12 വരെയുള്ള സ്കൂളിന്റെ മേധാവി പ്രിൻസിപ്പൽ ആയിരിക്കും. ഇത്തരം സ്കൂളുകളുടെ പൊതുചുമതലയും ഹയർസെക്കണ്ടറി വിഭാഗത്തിന്റെ അക്കാദമിക ചുമതലയും പ്രിൻസിപ്പലിനായിരിക്കും. ഇത്തരം സ്കൂളുകളിലെ നിലവിലുള്ള ഹൈസ്കൂൾ ഹെഡ്മാസ്റ്റർ തസ്തികയുടെ പേര് ഹെഡ്മാസ്റ്റർ എന്നതിന് പകരം വൈസ് പ്രിൻസിപ്പൽ എന്ന് പുനഃനാമകരണം ചെയ്യുന്നു. ഈ മാറ്റങ്ങൾക്കനുസൃതമായ ഭരണപരമായ അനുബന്ധ സൗകര്യങ്ങൾ, പ്രിൻസിപ്പലിന് സ്ഥാപനത്തിൽ നിലവിലുള്ള സംവിധാനങ്ങൾ ക്രമീകരിച്ച് ലഭ്യമാക്കുന്നതിനും, പ്രിൻസിപ്പൽമാരുടെ ബോധന സമയം കുറച്ച് ഹൈസ്കൂൾ ഹെഡ്മാസ്റ്ററുടേതിന് സമാനമാക്കുന്നത് സംബന്ധിച്ച വ്യക്തമായ ശുപാർശ സമർപ്പിക്കുന്നതിനും ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷനെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

ഇ) ഹയർസെക്കണ്ടറി വിഭാഗം ഇല്ലാത്ത സ്കൂളുകളിൽ നിലവിലുള്ള സംവിധാനം തൽസ്ഥിതിയിൽ തുടരുന്നതാണ്.

എഫ്) നിലവിൽ ഹൈസ്കൂൾ തലത്തിലുള്ള ഓഫീസ് സംവിധാനം ഹയർസെക്കണ്ടറി വിഭാഗത്തിനുകൂടി ബാധകമായ രീതിയിൽ പൊതു ഓഫീസ് ആയിരിക്കും. ഇപ്രകാരം ബാധകമാക്കുമ്പോൾ അനദ്ധ്യാപക സംവിധാനം ഹയർസെക്കണ്ടറിയിലെ കുട്ടികളുടെ എണ്ണം കൂടി അടിസ്ഥാനപ്പെടുത്തി ആയിരിക്കും നിർണ്ണയിക്കപ്പെടുന്നത്. ശമ്പള വിതരണത്തിന് ഏകീകൃത സംവിധാനം കൊണ്ടുവരുന്നതു വരെ നിലവിലുള്ള ശമ്പള വിതരണ രീതി തുടരുന്നതാണ്. ഏകീകൃത സംവിധാനത്തിൽ പ്രിൻസിപ്പലിന്റെയും വൈസ് പ്രിൻസിപ്പലിന്റെയും കടമകളും കർത്തവ്യങ്ങളും ഉത്തരവാദിത്തങ്ങളും സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷനെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

ജി) മേൽ പരാമർശിച്ച ഭരണനിർവ്വഹണ സംവിധാനം ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതിന് പൊതുവിദ്യാഭ്യാസ സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എ. ഷാജഹാൻ IAS**
സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഹയർ സെക്കൻഡറി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പൊതുഭരണ (എസ്.സി.) വകുപ്പ് (ഇനം നം.2896 തീയതി 27.02.2019)
ഡയറക്ടർ, SCERT, തിരുവനന്തപുരം
ഡയറക്ടർ, സീമാറ്റ് (കേരള, തിരുവനന്തപുരം)
ഡയറക്ടർ, സമഗ്രശിക്ഷാ അഭിയാൻ, തിരുവനന്തപുരം
SIET (State Institute of Education and Technology), ജഗതി, തിരുവനന്തപുരം
ഡയറക്ടർ, കൈറ്റ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, പൊതുവിദ്യാഭ്യാസ സംരക്ഷണ മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, ഐറ്റി @ സ്കൂൾ, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
പൊതുഭരണ(അഖിലേന്ത്യാ സർവ്വീസ്) വകുപ്പ്
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (സി4/9/2019/പൊ.വി.വ.)

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**

പകർപ്പ്- പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പി.എസിന്
പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും